(ഡി, ഇ) പി. എഫ്. സംബന്ധിച്ച വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേനയാണ് നടപടികൾ സ്വീകരിക്കുന്നത്. പി. എഫ്. കുടിശ്ശിക സംബന്ധിച്ചും പ്രോസിക്യൂഷൻ നടപടി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(എഫ്) 1972-ലെ ഗ്രാറ്റുവിറ്റി നിയമം അനുസരിച്ചുള്ള കൺട്രോളിംഗ് അതോറിറ്റിയായ ജില്ലാ ലേബർ ഓഫീസർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ ജില്ലാ ലേബർ ഓഫീസർ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ അംശദായ വിഹിതം

52 [2921] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തയ്യൽ തൊഴിലാളി ക്ഷേമ നിധിയിലേക്കുള്ള സർക്കാരിന്റെ അംശദായ വിഹിതം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അംശദായ വിഹിതമായി ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ തുകയെത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; നൽകേണ്ട തുക എത്രയാണ്;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാരിന്റെ മുമ്പാകെയുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) എ. കെ. ടി. എ. നൽകിയ പ്രപ്പോസലും അതിൻമേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ അംശദായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	സർക്കാർ വിഹിതമായി നൽകേണ്ടത്	നൽകിയത്
2001-02	24,31,455	
2002-03	28,63,535	1,00,000
2003-04	24,49,626	1,00,000
2004-05	26,01,087 (ആഡിറ്റ് ചെയ്യാത്തത്)	12,16,000

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അംഗങ്ങൾക്ക് ചികിത്സാസഹായ പദ്ധതി, അംഗതൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ പരിധിയിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുക, അംഗതൊഴിലാളികളുടേയും തൊഴിലുടമകളു

LIBRARY ARCHIVES Kerala Legislative Assembly

ടേയും ക്ഷേമനിധിയിലേക്കുള്ള അംശദായം വർദ്ധിപ്പിക്കുക, ബോർഡിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തുക തുടങ്ങിയ ബോർഡിന്റെ ശുപാർശകളും സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ആൾ കേരള ടെയ്ലേഴ്സ് അസോസിയേഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയെ ഇൻകം ടാക്സിൽനിന്നും ഒഴിവാക്കുകയെന്ന ആവശ്യത്തിൻമേൽ സർക്കാർ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് ചെയർമാന് കത്തയയ്ക്കുകയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ ഡൽഹിയിലെ കേരള സർക്കാരിന്റെ റസിഡൻറ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ക്ഷേമനിധിയിലേക്ക് സർക്കാർ അടയ്ക്കേണ്ട വിഹിതം അടയ്ക്കണമെന്ന ആവശ്യത്തിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

സുനാമി ദുരന്തത്തിൽപ്പെട്ട തയ്യൽ തൊഴിലാളികൾക്ക് തയ്യൽമെഷീൻ വിതരണം ചെയ്യണമെന്ന ആവശ്യത്തിൻമേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തയ്യൽ തൊഴിലാളി മരണപ്പെട്ടാൽ അവരാശ്രിതർക്ക് മരണാനന്തര ആനുകൂല്യം ലഭ്യമാക്കണമെന്ന ആവശ്യത്തിൻമേൽ പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

ബോർഡിൽ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം ഒഴിവാക്കി തയ്യൽക്കാരേയോ ആശ്രിതരേയോ യോഗ്യതയനുസരിച്ച് നേരിട്ടു നിയമനം നടത്തുകയെന്നതാണ് മറ്റൊരാവശ്യം. ഡെപ്യൂട്ടേഷൻ നിയമനം ഒഴിവാക്കി ബോർഡിനേറെതായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി "സേവന ചട്ടങ്ങൾ" തയ്യാറാക്കാൻ ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

യുണൈറഡ് ഡിസ്റ്റിലറീസിന്റെ തൊഴിലാളികൾ

53 [2922] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ പഞ്ചായത്തിൽ വെങ്ങാലി-ആനടി റോഡിലുള്ള യുണൈറഡ് ഡിസ്റ്റിലറീസിന്റെ ഇന്ത്യൻ നിർമ്മിത വിദേശമദ്യ ഉല്പാദന ശാലയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്;

(ബി) ഇതിൽ സ്ഥിരം തൊഴിലാളികൾ എത്രയെന്നും താൽക്കാലിക തൊഴിലാളികൾ എത്രയെന്നും കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ എത്രയെന്നും വിശദമാക്കാമോ;

(സി) ഇവരിൽ എത്ര തൊഴിലാളികൾക്ക് ഇ. എസ്. ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 198 തൊഴിലാളികൾ ജോലിചെയ്തുവരുന്നുണ്ട്.

(ബി) സ്ഥിരം തൊഴിലാളികൾ—58
കരാർ തൊഴിലാളികൾ—140
താൽക്കാലിക തൊഴിലാളികൾ—ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly